

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



## 3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


3 പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . . . . 1

1 പ്രാചീനാര്യന്മാരുടെ സാമൂഹികജീവിതം 3

2 മാതൃമേധാവിത്വത്തിൽ നിന്ന്... . . . . 4

3 ഉള്ളവരും ഇല്ലാത്തവരും . . . . . . . . 5

4 ഭരണവ്യവസ്ഥയിലെ മാറ്റങ്ങൾ . . . . 6

5 ചാതുർവർണ്യം . . . . . . . . . . . . . 7

6 വർണങ്ങളിൽ നിന്ന് അടിമത്തത്തിലേക്ക് . . . . . . . . . . 8

7 ഇന്ത്യൻ അടിമത്തത്തിന്റെ പ്രത്യേകതകൾ . . . . . . . . . . . . 9

8 രാജാ പ്രത്യക്ഷദൈവതം . . . . . . . . 10

9 വർണവ്യവസ്ഥയുടെ ശിക്ഷാവിധികൾ 11

# 3

# പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ

ആര്യന്മാർ തങ്ങളേക്കാൾ പരിഷ്കൃതരായ അനാര്യന്മാരെ കീഴടക്കുകയും അവരിൽ വലിയൊരു വിഭാഗത്തെ അടിമകളാക്കി മാറ്റുകയും ചെയ്തുവെന്നതു ശരിതന്നെ. എങ്കിലും മൂർച്ചയേറിയ ആര്യൻ കുന്തങ്ങൾക്ക് സാമൂഹികവളർച്ചയുടെ ഗതിക്രമത്തെ തടഞ്ഞുനിർത്താൻ സാധിച്ചില്ല; അനാര്യന്മാരുടെ പരിഷ്കൃതമായ സാമൂഹ്യജീവിതക്രമങ്ങളെ പാടേ തുടച്ചു നീക്കാൻ കഴിഞ്ഞില്ല. നേരെ മറിച്ച് ആ ജീവിതക്രമങ്ങളിൽ പലതും സ്വീകരിച്ചു സ്വന്തമാക്കുകയാണ് ആര്യന്മാർ ചെയ്തത്. യുദ്ധങ്ങൾ വഴിയായി കിട്ടിയ സ്വത്തുക്കൾ മാത്രമായിരുന്നില്ല അവരുടെ അഭിവൃദ്ധിക്കുള്ള അടിസ്ഥാനം. അനാര്യന്മാരുമായുള്ള സാമീപ്യസമ്പർക്കങ്ങളും അവരുടെ വളർച്ചയെ ത്വരിതപ്പെടുത്തി.

അപ്പോൾ ശുദ്ധമായ ആര്യസംസ്കാരം എന്നൊന്നില്ല. അനാര്യന്മാരായ ആദിമനിവാസികളുടെ സംസ്കാരത്തിന്റെ കലർപ്പുകളോടുകൂടിയാണ് ആര്യസംസ്കാരം മൊട്ടിട്ടു വളരാൻ തുടങ്ങിയത്.

# 1 പ്രാചീനാര്യന്മാരുടെ സാമൂഹികജീവിതം

വേദങ്ങൾ, പ്രാചീനശിലാരേഖകൾ, കൊത്തുപണിക്കാർ, പ്രാർത്ഥനാഗീതങ്ങൾ, നിയമസംഹിതകൾ മുതലായവയിൽ നിന്ന് പ്രാചീനാര്യന്മാരുടെ സാമൂഹികജീവിതക്രമത്തെപ്പറ്റി ഒട്ടൊക്കെ മനസ്സിലാക്കുവാൻ കഴിയും. അവരുടെയിടയിൽ ആദ്യകാലത്ത് രാജാവും പ്രജയുമുണ്ടായിരുന്നില്ല; മർദ്ദകനും മർദ്ദിതനുമുണ്ടായിരുന്നില്ല; ജന്മിയും മുതലാളിയുമുണ്ടായിരുന്നില്ല; കോടതിയും ജയിലും പട്ടാളവുമുണ്ടായിരുന്നില്ല; മനുഷ്യോപയോഗത്തിനുള്ള സ്വത്തുക്കളെ ആരും തങ്ങളുടെ സ്വന്തമാക്കി കൈയ്യടക്കിയിരുന്നില്ല. ഉള്ളത് എല്ലാവർക്കും കൂടിയുള്ളതായിരുന്നു. എല്ലാവരും കൂടിച്ചേർന്ന് അദ്ധ്വാനിച്ചുണ്ടാക്കുന്ന വിഭവങ്ങൾ എല്ലാവരും കൂടിച്ചേർന്ന് അനുഭവിക്കും. പ്രാകൃതവും പിന്നോക്കനിലയിലുള്ളതുമായ ഉത്പാദനരീതിക്ക് യോജിച്ച പ്രാകൃത കമ്യൂണിസ്റ്റ സമുദായമായിരുന്നു അത്. ഉത്പന്നങ്ങളുടെ സമൃദ്ധിയല്ല, ഉത്പാദനത്തിന്റെ ദാരിദ്ര്യമാണ്, ഈ പ്രാകൃത കമ്യൂണിസ്റ്റ സമുദായത്തെ നിലനിർത്തിയത്. വ്യക്തിപരമായ ഉത്പാദനവും വ്യക്തിപരമായ ഉപഭോഗവും അന്നത്തെ പ്രാകൃതമായ ഉത്പാദന രീതിക്ക് പറ്റിയതായിരുന്നില്ല. ഉത്പാദനരീതിയുടെ പ്രാകൃതാവസ്ഥയാണ് കൂട്ടായ ഉപഭോഗവും ആവശ്യമാക്കിത്തീർത്തത്. ഈ സാമൂഹ്യാവശ്യമാണ് മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളെ നിർണ്ണയിച്ചത്. ഈ പ്രാചീന സാമൂഹ്യഘടനയുടെ വൈചിത്ര്യങ്ങളെപ്പറ്റി ഏംഗൽസ് എഴുതുന്നു:

> ‘ഈ ഗോത്രഭരണഘടന അതിന്റെ ബാലസദൃശമായ ലാളിത്യം കൊണ്ട് ആശ്ചര്യകരമായ ഒരു ഭരണഘടനയാണ്. പട്ടാളമില്ല, പൊലീസില്ല, പ്രഭുക്കളില്ല, രാജാക്കന്മാരില്ല, കോടതികളില്ല, ജഡ്ജിമാരില്ല, ജയിലുകളില്ല, കേസ്സുകളില്ല — എന്നിട്ടും എല്ലാ കാര്യങ്ങളും ക്രമത്തിലങ്ങു നടന്നുപോകുന്നു. കശപിശകളും തർക്കങ്ങളും തീർക്കുന്നത് ‘ജന’ങ്ങളോ ട്രൈബുകളോ, അല്ലെങ്കിൽ ‘ജന’ങ്ങൾ തമ്മിൽത്തമ്മിലോ ആണ്; എന്നുവെച്ചാൽ, കശപിശയിൽ ബന്ധപ്പെട്ട ജനസമുദായം മുഴുവനും കൂടിയാണ്. അവസാനത്തേതും അപൂർവ്വവുമായ നടപടി എന്ന നിലയ്ക്ക് രക്തപ്രതികാര ഭീഷണികൂടിയുണ്ട്. ഇന്നത്തെ മരണശിക്ഷ സംസ്കാരയുഗത്തിന്റെ മറ്റെല്ലാ മെച്ചങ്ങളും പോരായ്മകളുമടങ്ങിയ പരിഷ്കൃതമായ പ്രതികാരമല്ലാതെ മറ്റൊന്നുമല്ല. ഇന്നത്തെ കാലത്തെ അപേക്ഷിച്ച് എത്രയോ കാര്യങ്ങൾ കൂട്ടായി തീരുമാനിക്കേണ്ടതുണ്ടായിരുന്നു. ഒട്ടധികം കുടുംബങ്ങൾ ഒന്നിച്ചുചേർന്ന് പൊതുവേയാണ് തറവാടു പുലർത്തുന്നത്, അതുതന്നെ കമ്യൂണിസ്റ്റ രീതിയിലും. ഗണത്തിൽപ്പെട്ടവർ മുഴുവനും കൂടിയാണ് നിലത്തിന്റെ ഉടമ വഹിക്കുന്നത്. ചെറിയ കുടിയിരിപ്പുകൾ മാത്രം തറവാടുകൾക്ക് താൽക്കാലികമായി തിരിച്ചുവെയ്ക്കും. ഇങ്ങനെയൊക്കെയായാലും ശാഖോപശാഖകളോടുകൂടിയതും നൂലാമാല പിടിച്ചതുമായ നമ്മുടെ ഭരണഘടനാസാമഗ്രികളുടെ കണികപോലും ആവശ്യമില്ല. പ്രശ്നങ്ങൾക്കു തീരുമാനം കണ്ടെത്തുന്നത് അവയിൽ ബന്ധപ്പെട്ടവർ തന്നെയാണ്. മിക്ക സന്ദർഭങ്ങളിലും നൂറ്റാണ്ടുകളുടെ ആചാരമര്യാദയനുസരിച്ച് തീരുമാനമുണ്ടാകുക പതിവാണ്. ദരിദ്രന്മാരും ആവശ്യക്കാരുമുണ്ടാവാനിടമേയില്ല. കൂട്ടുടമയിലുള്ള തറവാടുകൾക്കും ‘ജന’ങ്ങൾക്കും, പ്രായം ചെന്നവരോടും രോഗികളോടും പടയിൽ അംഗഭംഗം വന്നവരോടുമുള്ള കടമകളെന്തെന്നറിയാം. സ്ത്രീകളടക്കം എല്ലാവരും സമരാണ്; സ്വതന്ത്രരാണ്’.

ഉത്പാദനരീതിയിൽ മെല്ലെമെല്ലെ പല മാറ്റങ്ങളും വന്നുചേർന്നു. പുതിയപുതിയ ഉത്പാദനോപകരണങ്ങൾ കണ്ടുപിടിക്കപ്പെട്ടു. ആടുമാടുകളെ മേച്ചുനടന്നിരുന്ന ആര്യഗണങ്ങൾ ക്രമത്തിൽ സിന്ധു — ഗംഗാ തീരങ്ങളിൽ പാർപ്പുറപ്പിച്ച് കൃഷിചെയ്യാൻ പഠിച്ചു. ഉത്പാദനരീതിയിലുണ്ടായ ഈ മാറ്റങ്ങളുടെ ഫലമായി സ്വത്തുക്കൾ വർദ്ധിക്കാൻ തുടങ്ങി.

## 2 മാതൃമേധാവിത്വത്തിൽ നിന്ന് പിതൃമേധാവിത്വത്തിലേക്ക്

മാതൃമേധാവിത്വത്തിന്റെ അടിസ്ഥാനത്തിലുള്ള കൂട്ടുകുടുംബങ്ങളാണ് ആദ്യകാലത്തുണ്ടായിരുന്നത്. പിന്നീട് സ്വത്തുക്കൾ വർദ്ധിച്ചപ്പോൾ സ്ത്രീയുടെ മേധാവിത്വമവസാനിക്കുകയും പുരുഷന്റെ മേധാവിത്വമുറപ്പിക്കപ്പെടുകയും ചെയ്തു. പിതൃമേധാവിത്വത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരുതരം കൂട്ടുകുടുംബവ്യവസ്ഥയാവിർഭവിച്ചു — പുരുഷനുമാത്രം പാരമ്പര്യസ്വത്തവകാശമനുവദിക്കുന്ന ഒരുതരം കൂട്ടുകുടുംബവ്യവസ്ഥ. ഇന്ത്യയിലിന്നും നിലനിൽക്കുന്ന പിതൃമേധാവിത്വസമ്പ്രദായം ഈ പാരമ്പര്യത്തിന്റെ അവശിഷ്ടമാണ്. അച്ഛൻ, അമ്മ, മക്കൾ എന്നിങ്ങനെ ചെറിയൊരു ഘടകത്തിലൊതുങ്ങുന്ന കുടുംബവ്യവസ്ഥയിൽ നിന്നും വിഭിന്നമാണിത്. എല്ലാ സ്വത്തുക്കളും കൂട്ടുകുടുംബങ്ങളുടെ പൊതുസ്വത്തായിരുന്നു. കൂട്ടായി അദ്ധ്വാനിക്കുക, കൂട്ടായി അനുഭവിക്കുക, പൊതുവായ ആചാരചടങ്ങുകളും പൊതുവായ ജീവിതരീതിയും — ഇതായിരുന്നു സമ്പ്രദായം.

പിതൃമേധാവിത്വത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ കൂട്ടുകുടുംബ വ്യവസ്ഥ അതിനുമുമ്പുണ്ടായിരുന്ന മാതൃമേധാവിത്വത്തിനും പിന്നീടുണ്ടായ ആധുനിക കുടുംബവ്യവസ്ഥയ്ക്കും ഇടയിലുള്ള ഒരു പരിവർത്തനഘട്ടത്തെയാണ് കുറിക്കുന്നത്. ‘കുടുംബത്തിന്റെ ഉത്ഭവം’ എന്ന തന്റെ സുപ്രസിദ്ധഗ്രന്ഥത്തിൽ ഏംഗൽസ് എഴുതുന്നു:

> ‘സദ്രുഗ (സൗഹൃദം) എന്നും ബ്രാറ്റ്സോ (സാഹോദര്യം) എന്നുമുള്ള പേരുകളിൽ സർബ്യുകളുടെയും ബൾഗേറിയക്കാരുടെയും, ഇടയിൽ കുറച്ചുകൂടി വ്യത്യസ്തമായ നിലയിൽ പൗരസ്ത്യജനസമുദായങ്ങൾക്കിടയിലും, നാമിന്നു കാണുന്ന പിതൃമേധാവിത്വപരമായ കൂട്ടുകുടുംബവ്യവസ്ഥ യൂദ വിവാഹസമ്പ്രദായത്തിൽ നിന്നു വളർന്നുവന്നതും മാതൃമേധാവിത്വത്തിനും ആധുനിക ലോകത്തിലെ കൂട്ടുകുടുംബ വ്യവസ്ഥയ്ക്കും ഇടയിലുള്ളതുമായ ഒരു പരിവർത്തനഘട്ടമായിരുന്നുവെന്ന് മാക്സിംകോവാലേവസ്കി തെളിയിച്ചിട്ടുണ്ട്. പൗരാണിക ലോകത്തിലെ പരിഷ്കൃതജനവിഭാഗങ്ങളെ സംബന്ധിച്ചെടുത്തോളം — അതായത്, ആര്യന്മാർ, സെമിറ്റ്കാർ എന്നിവരെ സംബന്ധിച്ചിടത്തോളം — ഇത് തെളിയിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്.’

ഈ കൂട്ടുകുടുംബ വ്യവസ്ഥയുടെ അടിസ്ഥാനമെന്തായിരുന്നു? കൂട്ടായ അദ്ധ്വാനത്തിനും കൂട്ടായ ഉപഭോഗത്തിനും വഴിതെളിച്ച ഉൽപാദന രംഗമേതായിരുന്നു?

മാർക്സ് പറയുന്നു:

> ‘കൈകൊണ്ടുതന്നെ നടത്തപ്പെട്ടിരുന്ന പ്രത്യേകതരത്തിലുള്ള നെയ്ത്ത്, നൂൽനൂൽപ്പ്, കൃഷി എന്നിങ്ങനെ ആര്യന്മാരെ സ്വയം സമ്പൂർണ്ണരാക്കാൻ സഹായിച്ച ഗാർഹികവ്യവസായത്തിന്റെ അടിസ്ഥാനത്തിന്മേലാണ് ഈ കൂട്ടുകുടുംബവ്യവസ്ഥ നിലനിന്നുപോന്നത്’.

ഈ പഴയ കൂട്ടുകുടുംബവ്യവസ്ഥയുടെ പല പ്രതിധ്വനികളും വേദങ്ങളിൽ അടങ്ങിയിട്ടുണ്ട്. കൂട്ടായ ജീവിതത്തേയും കൂട്ടായ പ്രവൃത്തിയേയും കുറിക്കുന്ന പദങ്ങൾ സുലഭമായി കാണാം.

ഇന്ത്യയിലെത്തിയതിനുശേഷം വളരെക്കാലം കന്നുകാലികളെ മേച്ചുകൊണ്ട് ചുറ്റിത്തിരിയുന്ന ഒരു ജീവിതമാണ് ആര്യന്മാർ നയിച്ചത്. ക്രമത്തിൽ ഫലഭൂയിഷ്ഠിയുള്ള സ്ഥലങ്ങളിൽ സ്ഥിരതാമസമാരംഭിച്ചു. പാൽ, വെണ്ണ, ഇറച്ചി ഇവയായിരുന്നു അവരുടെ പ്രധാന ഭക്ഷണം. പശു, ആട് തുടങ്ങിയ കന്നുകാലികൾ പൊതു ഉടമയിലായിരുന്നു. കന്നുകാലികൾക്ക് പൊതുമേച്ചിൽ സ്ഥലങ്ങളും പൊതു തൊഴുത്തുകളുമുണ്ടായിരുന്നു. പൊതു കലവറയിൽ വെണ്ണ, ധാന്യങ്ങൾ മുതലായവ സംഭരിച്ചുവെയ്ക്കും. ഈ കൂട്ടുകുടുംബത്തിലെ അംഗങ്ങളെല്ലാം പരസ്പരം രക്തബന്ധമുള്ളവരായിരുന്നു.

ഉൽപാദനവിതരണങ്ങൾക്കു നേതൃത്വം നൽകാൻ കെല്പും പ്രാപ്തിയുമുള്ള ഒരു വ്യക്തിയെ ഗണത്തിന്റെ തലവനായി തെരഞ്ഞെടുക്കുക പതിവായിരുന്നു. ആ തലവന്റെ നേതൃത്വത്തിലാണ് കാര്യങ്ങളെല്ലാം നടന്നിരുന്നത്. എങ്കിലും ഗണത്തിനുള്ളിൽ എല്ലാവരും സമൻമാരായിരുന്നു.

പൊതുഭരണകാര്യങ്ങൾ നടത്താൻ രാജാവല്ല, സഭയും സമിതിയുമാണുണ്ടായിരുന്നത്. സമിതി കൂടുന്നതിനുമുമ്പായി എല്ലാവരേയും വിവരമറിയിക്കും. യോഗത്തിൽ തലവനു മാത്രമല്ല, സാധാരണവ്യക്തികൾക്കും അഭിപ്രായപ്രകടനത്തിനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. ഒരുതരത്തിലുള്ള ജനാധിപത്യഭരണമാണ് നിലനിന്നിരുന്നത്.

# 3 ഉള്ളവരും ഇല്ലാത്തവരും

സ്വത്തുക്കൾ വർദ്ധിക്കുകയും ഉല്പാദനശക്തികൾ വളരുകയും ചെയ്തതോടെ കൂട്ടുടമാവകാശത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹ്യവ്യവസ്ഥയ്ക്കുടവു തട്ടി. കൈവേലകൾ, ലോഹം കൊണ്ടുള്ള പണിത്തരങ്ങൾ, കൃഷി എന്നിവ അഭിവൃദ്ധിപ്പെട്ടതോടെ കൈയൂക്കേറിയവരുടെ കൈയിൽ ഉത്പാദനോപകരണങ്ങൾ കേന്ദ്രീകരിക്കുവാൻ തുടങ്ങി.

ചരക്കുകളുടെ കൈമാറ്റങ്ങൾ പരന്നുപിടിച്ചു. അങ്ങനെ സ്വകാര്യസ്വത്തു സമ്പ്രദായം നിലവിൽവന്നു. മാർക്സ് ചൂണ്ടിക്കാണിക്കുന്നതുപോലെ, 'ഒരേ ഗണത്തിനുള്ളിൽ തന്നെയുണ്ടായ സ്വത്തുടമവ്യത്യാസങ്ങൾ ഗണത്തിലെ അംഗങ്ങളുടെ ഐക്യത്തെ തകർക്കുകയും അവർക്കിടയിൽ സ്പർദ്ധകളെ സൃഷ്ടിക്കുകയും ചെയ്തു.'

ഉത്പാദനശക്തികൾ വളരുകയും സ്വത്തുക്കൾ വർദ്ധിക്കുകയും ചെയ്തപ്പോൾ സമുദായത്തിന്റെ നടത്തിപ്പിന് പ്രവൃത്തിവിഭജനം ആവശ്യമായിത്തീർന്നു. ഓരോ സാമൂഹികരംഗത്തിലും പ്രത്യേകം പ്രത്യേകം നേതൃത്വം വേണമെന്നായി. അങ്ങനെ ഓരോ പ്രവൃത്തിക്കും പറ്റിയ തിരഞ്ഞെടുക്കപ്പെട്ട നേതാക്കന്മാർ ഉയർന്നുവന്നു. യുദ്ധങ്ങൾക്കു നേതൃത്വം നൽകുന്ന ക്ഷത്രിയർ, കൃഷിക്കുപറ്റിയ കാലം കണ്ടുപിടിക്കുകയും പ്രകൃതിയുടെയും ദൈവത്തിന്റെയും കോപങ്ങളിൽ നിന്ന് സമുദായത്തെ രക്ഷിക്കാനാവശ്യമായ ക്രിയകൾ നടത്തുകയും ചെയ്യുന്ന പുരോഹിതനായ ബ്രാഹ്മണൻ — ഇവരാണ് സമുദായത്തിന്റെ നേതൃത്വം വഹിച്ചത്. ഈ പ്രവൃത്തിവിഭജനം സാമൂഹ്യോത്പാദനത്തെ വീണ്ടും അഭിവൃദ്ധിപ്പെടുത്തി. ആവശ്യം കഴിച്ച് മിച്ചമായി കിട്ടിത്തുടങ്ങിയ ഉത്പന്നങ്ങൾ കൈമാറ്റം ചെയ്യപ്പെട്ടു.

ആദ്യകാലത്തു തെരഞ്ഞെടുക്കപ്പെട്ട നേതാക്കന്മാരുടെ നിയന്ത്രണത്തിലാണ് പൊതുസാമൂഹ്യസ്വത്തുക്കളുടെ മേൽനോട്ടം നടത്തപ്പെട്ടത്. ക്രമേണ ഈ തലവന്മാരുടെയും പുരോഹിതന്മാരുടെയും കൈയിൽ സ്വത്തുക്കളും അധികാരങ്ങളും കേന്ദ്രീകരിക്കാൻ തുടങ്ങി. ആവശ്യത്തിൽ കവിഞ്ഞ് മിച്ചമായ വിഭവങ്ങളുണ്ടാക്കാൻ കഴിയത്തക്കവണ്ണം ഉത്പാദനശക്തികൾ വളർന്നപ്പോൾ അവർക്ക് മറ്റുള്ളവരെ കൊണ്ടു പണിയെടുപ്പിച്ച് കൂടുതൽ സ്വത്തുക്കൾ നേടാൻ കഴിയുമെന്നായി. ഈ ഭൗതികപരിതസ്ഥിതികളിൽ നിന്നാണ് അടിമത്തവ്യവസ്ഥ ആവിർഭവിച്ചത്.

ഏംഗൽസ് എഴുതുന്നു:

> 'കന്നുകാലിവളർത്തൽ, കൃഷി, കൈത്തൊഴിൽ തുടങ്ങിയ വിവിധ രംഗങ്ങളിലുണ്ടായ ഉത്പാദനവർദ്ധനമൂലം സമുദായത്തിന്റെ നിലനിൽപിനാവശ്യമായതിലുമധികം ഉത്പാദിപ്പിക്കുവാൻ മനുഷ്യാദ്ധ്വാനത്തിന് സാധിക്കുമെന്നായി. പക്ഷേ, അതോടൊപ്പം ഗണത്തിലെ ഓരോ അംഗവും ചെയ്തുതീർക്കേണ്ട ജോലിയും വർദ്ധിച്ചു. പുതിയ അദ്ധ്വാനശക്തികൾ ആവശ്യമായിത്തീർന്നു. യുദ്ധങ്ങളാണ് ഈ ആവശ്യങ്ങൾ നികത്തിയത്. യുദ്ധത്തടവുകാർ അടിമകളാക്കി മാറ്റപ്പെട്ടു. മനുഷ്യാദ്ധ്വാനത്തിന്റെ ഉത്പാദനക്ഷമതയും അതോടൊപ്പം സ്വത്തുക്കളും വർദ്ധിക്കുകയും ഉത്പാദനരംഗങ്ങൾ വിപുലമായിത്തീരുകയും ചെയ്തതോടുകൂടി നിലവിലുള്ള ചരിത്രപരമായ പരിതഃസ്ഥിതികളിൽ പ്രവൃത്തി വിഭജനത്തെത്തുടർന്ന് അടിമത്തവ്യവസ്ഥ നിലവിൽ വരികയെന്നത് അനിവാര്യമായിരുന്നു. അങ്ങനെ സമുദായത്തിലെ ഒന്നാമത്തെ പ്രവൃത്തിവിഭജനത്തിൽ നിന്നാണ് അടിമകളെന്നും ചൂഷിതരെന്നും ചൂഷകരെന്നുമുള്ള വർഗവിഭജനം ഉയർന്നുവന്നത്.

പ്രാകൃതകമ്യൂണിസം പെട്ടെന്നൊരു ദിവസംകൊണ്ടല്ല, വളരെ നീണ്ടകാലം കൊണ്ടാണ് തകർന്നത്. ക്രി. മു. ഒന്നാം സഹസ്രാബ്ദത്തിന്റെ ആരംഭത്തിലാണ്, എന്നു വെച്ചാൽ 1000 ബി.സി.ക്കും 700 ബി.സി.ക്കും ഇടയിലാണ്, പ്രാകൃത കമ്യൂണിസത്തിന്റെ തകർച്ച പൂർത്തിയാവുകയും അടിമത്വത്തെ അടിസ്ഥാനപ്പെടുത്തിയ പുതിയ ഉത്പാദനവ്യവസ്ഥ തലയുയർത്തുകയും ചെയ്തത്.

# 4 ഭരണവ്യവസ്ഥയിലെ മാറ്റങ്ങൾ

വർഗവിഭജനവും വർഗചൂഷണവും പഴയ ഗണഗോത്രസംഘടനയെ താറുമാറാക്കി. സഭയും സമിതിയും അധഃപതിച്ചു. കൂട്ടായി അദ്ധ്വാനിക്കുകയും കൂട്ടായി അനുഭവിക്കുകയും ചെയ്യുക എന്ന സമ്പ്രദായത്തിന്റെ സ്ഥാനത്ത് സ്വത്തുള്ളവരും സ്വത്തില്ലാത്തവരും തമ്മിലുള്ള മത്സരങ്ങൾ പ്രത്യക്ഷപ്പെട്ടു. സ്വത്തില്ലാത്ത മർദ്ദിതന്മാർ അസംതൃപ്തരായി, അവരുടെ പ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ സ്വത്തുടമവർഗക്കാർക്ക് ഒരു മർദ്ദനോപകരണം ആവശ്യമായിത്തീർന്നു. ഈ ആവശ്യത്തിൽ നിന്നാണ് പ്രാചീനേന്ത്യയിൽ രാജാക്കന്മാരും അവരുടെ നേതൃത്വത്തിലുള്ള ഭരണകൂടങ്ങളും പൊന്തിവന്നത്. ഗണങ്ങളുടെ മേധാവിത്വം വഹിച്ചുപോന്നവരോ തലമുറ തലമുറയായി ഭരണകാര്യങ്ങൾ നടത്തിപ്പോന്നവരോ ആയ തലവന്മാർ മെല്ലെമെല്ലെ രാജാക്കന്മാരായി അംഗീകരിക്കപ്പെട്ടു. ആദ്യകാലത്തെ രാജാക്കന്മാർ തെരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. പക്ഷേ, ക്രമത്തിലവർ പിന്തുടർച്ചാവകാശത്തോടുകൂടിയ ഭരണാധികാരികളായി മാറി.

രക്തബന്ധമായിരുന്ന ഗണങ്ങളിലെ അംഗങ്ങളെ പരസ്പരം അടുപ്പിച്ചത്. സാമ്പത്തികാസമത്വങ്ങളും വർഗവിഭജനങ്ങളും ആവിർഭവിച്ചതോടുകൂടി ഗണത്തിനുള്ളിലെ രക്തബന്ധം അപ്രധാനമാവുകയും ഭൂപ്രദേശങ്ങളുടെ അതിർത്തിവിഭജനത്തെ അടിസ്ഥാനപ്പെടുത്തിയ ജനവിഭാഗങ്ങൾ ഉയർന്നുവരികയും ചെയ്തു. മത്സ്യ, മഗധ, ശൗരസേന മുതലായ രാജ്യങ്ങൾ ഈ കാലത്താണുയർന്നുവന്നത്. ക്രി. മു. ഒന്നാം സഹസ്രാബ്ദത്തിന്റെ മദ്ധ്യകാലമായപ്പോഴേക്കും ഗംഗാതീരപ്രദേശങ്ങളിൽ കുരു, പാഞ്ചാലം, അംഗം, അവന്തി, കോസലം, കാശി, മിഥില തുടങ്ങിയ ഒരു ഡസനോളം രാജ്യങ്ങളാവിർഭവിച്ചുകഴിഞ്ഞിരുന്നു.

ഈ കാലഘട്ടത്തിലെ ആര്യന്മാരുടെ സാമൂഹികജീവിതത്തെപ്പറ്റിയുള്ള അവ്യക്തമായ പല സൂചനകളും ഋഗ്വേദത്തിൽ തന്നെ കാണാം. ഗ്രാമം, വിഷയം, ജനം, രാഷ്ട്രം എന്നിങ്ങനെ നാലുപടികളായിട്ടാണവർ ജീവിച്ചിരുന്നത്. പല കുലങ്ങളും ഒന്നിച്ചു താമസിക്കുന്നയിടമാണ് ഗ്രാമം. പല ഗ്രാമങ്ങൾ കൂടിച്ചേർന്നത് വിഷയം. പല വിഷയങ്ങൾ ചേർന്ന സമുദായത്തിന് ജനം എന്നു പറയുന്നു.

രാഷ്ട്രത്തിന്റെ തലവൻ രാജാവ്; രാജാവിന്റെ കീഴിൽ അടിമകളുടെയും മറ്റു സ്വത്തുക്കളുടെയും ഉടമസ്ഥരായ കുലീനന്മാർ; അവരുടെയിടയിൽ തന്നെ പിന്തുടർച്ചാവകാശത്തോടുകൂടിയവരും ബ്രാഹ്മണർ എന്ന പേരിലറിയപ്പെടുന്നവരുമായ പുരോഹിതകുടുംബങ്ങൾ — ഇവരൊക്കെക്കൂടിയാണ് അടിമത്തത്തെ അടിസ്ഥാനപ്പെടുത്തിയ പുതിയ സാമ്പത്തിക വ്യവസ്ഥയുടെ മേൽനോട്ടം വഹിച്ചത്. സാമൂഹ്യവും ഭരണപരവുമായ ഈ മാറ്റങ്ങൾ ഉത്പാദനശക്തികളുടെ വളർച്ചയെ വളരെയധികം സഹായിച്ചു.

കൃഷിയിൽ അടിമകളുടെ അദ്ധ്വാനം ധാരാളമായി ഉപയോഗിക്കപ്പെടാൻ തുടങ്ങി. സ്വത്തുടമസ്ഥന്മാരായ കുലീനന്മാരുടെ നിയന്ത്രണത്തിലുള്ള നിർമാണശാലകളിൽ കൈവേലക്കാർ ആയുധങ്ങളും ആഭരണങ്ങളും വസ്ത്രങ്ങളും മറ്റുമുണ്ടാക്കിത്തുടങ്ങി. ഉപഭോഗവസ്തുക്കൾ വർദ്ധിച്ചപ്പോൾ കൊള്ളക്കൊടുക്കകളും വർദ്ധിച്ചു. ചെറിയ ചെറിയ പട്ടണങ്ങൾ പൊന്തിവന്നു. ക്രമേണ വിവിധ സാമഗ്രികൾ നിർമ്മിക്കുന്ന പട്ടണങ്ങൾ തമ്മിൽ കച്ചവടമാരംഭിച്ചു. ജനങ്ങളുടെ ജീവിതം അഭിവൃദ്ധിപ്പെട്ടു.

# 5 ചാതുർവർണ്യം

പ്രാചീനേന്ത്യയിലെ അടിമത്തവ്യവസ്ഥ ഒരു സവിശേഷരീതിയിലുള്ള സാമൂഹ്യവ്യവസ്ഥയായിരുന്നു. വർണാശ്രമവ്യവസ്ഥ എന്ന പേരിലാണ് അത് അറിയപ്പെടുന്നത്. ഗണഗോത്രങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട തലവന്മാരിൽ നിന്നും പുരോഹിതന്മാരിൽ നിന്നും ഉയർന്നുവന്ന പിന്തുടർച്ചാവകാശത്തോടുകൂടിയ കുലീനന്മാർ — ബ്രാഹ്മണരും ക്ഷത്രിയരും — ഇവരാണ് സമുദായത്തിന്റെ മേൽത്തട്ടിലുള്ള സ്വത്തുടമവർഗ്ഗങ്ങൾ. കൃഷി, കച്ചവടം, കൈവേല മുതലായവയിലേർപ്പെട്ട വൈശ്യന്മാർ ഇവർ സ്വതന്ത്രരായിട്ടാണ് കണക്കാക്കപ്പെട്ടത്. ഏറ്റവും കീഴേ ശൂദ്രൻമാർ. ഇവർ മൂന്ന് വർണ്ണങ്ങൾക്കും പണിയെടുക്കുന്ന അടിമകളാണ്. ഇങ്ങനെ നാലു വർണ്ണങ്ങളായിട്ടാണ് പ്രാചീനേന്ത്യയിലെ വർഗ്ഗവിഭജനം ഉരുപ്പിടിച്ചത്.

ഓരോ വർണ്ണത്തിനും പ്രത്യേകം പ്രത്യേകം ചുമതലകളും ധർമ്മങ്ങളുമുണ്ടായിരുന്നു. ഈ പ്രവൃത്തിവിഭജനമാണ് സാമൂഹ്യവ്യവസ്ഥയിൽ നാലു വർണ്ണങ്ങളേയും പരസ്പരം ബന്ധപ്പെടുത്തുകയും അങ്ങനെ സാമൂഹ്യവ്യവസ്ഥയെ തന്നെ ഉറപ്പിക്കുകയും ചെയ്തത്.

ബ്രാഹ്മണർക്ക് ഏറ്റവും ഉയർന്ന സ്ഥാനമാണ് നൽകപ്പെട്ടത്. അവരായിരുന്നു സാമൂഹ്യാചാരങ്ങളുടെയും മതത്തിന്റെയും സംരക്ഷകന്മാർ. വേദങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക, മതപരമായ ചടങ്ങുകളും പൗരോഹിത്യവും നടത്തുക, യാഗം ചെയ്യുക, ദാനം സ്വീകരിക്കുക എന്നിവയാണ് ബ്രാഹ്മണരുടെ ധർമം. അവർ ദൈവതുല്യന്മാരാണ്; ഭൂമിയിലെ മഹേശ്വരന്മാരാണ്. ദൈവത്തിന്റെ പേരിൽ മനുഷ്യനെ ചൂഷണം ചെയ്യാനും സ്വകാര്യസ്വത്തുക്കൾ കുന്നുകൂട്ടാനും ഏറ്റവുമുയർന്ന സുഖജീവിതം നയിക്കാനും അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. പ്രജാപരിപാലനം, വേദപഠനം, ദാനം, ശത്രുസംഹാരം എന്നിവയെല്ലാമാണ് ക്ഷത്രിയധർമം. മൃഗസംരക്ഷണം, പഠനം, കച്ചവടം ഇവ വൈശ്യധർമമാണ്. ഈ മൂന്നു വർണ്ണങ്ങളുടെ (ബ്രാഹ്മണ ക്ഷത്രിയവൈശ്യന്മാരുടെ) പാദശുശ്രൂഷ അതും യാതൊരു അസൂയയോ എതിർപ്പോ കൂടാതെ — ചെയ്യുക എന്ന ഒരൊറ്റ ധർമ്മമാണ് ശൂദ്രന് വിധിക്കപ്പെട്ടിട്ടുള്ളത് (മനുസ്മൃതി ഒന്നാം അദ്ധ്യായം, 88-91 ശ്ലോകങ്ങൾ).

ഏറ്റവും കീഴ്ത്തട്ടിലുള്ള വർണമാണ് ശൂദ്രൻ. ഭൗതികവും ആത്മീയവുമായ എല്ലാ സുഖഭോഗങ്ങളേയും സ്വന്തം താല്പര്യത്തിനുവേണ്ടി നിയന്ത്രിക്കുന്ന ബ്രാഹ്മണൻ ശൂദ്രനുമായി അടുത്തിടപഴകിയാൽ മതി, അശുദ്ധമാവും. ശൂദ്രന് ദൈവത്തെ പൂജിക്കാൻ പാടില്ല. വേദങ്ങളും നിയമങ്ങളും പഠിക്കാൻ പാടില്ല. മറ്റു മൂന്ന് വർണങ്ങൾക്കും സ്വന്തമായ ദൈവങ്ങളും പൂജാവിധികളും പ്രാർത്ഥനാ സ്വാതന്ത്ര്യവുമുണ്ട്. ശൂദ്രനുമാത്രം യാതൊന്നുമില്ല. അവർ മതത്തിനു പുറത്താണ്. അവർക്ക് സമുദായത്തിന്റെ പൊതുസ്വത്തുക്കളിൽ യാതൊരധികാരവുമുണ്ടായിരുന്നില്ല. കന്നുകാലികൾ, വീട്ടുസാമഗ്രികൾ മുതലായവയെപ്പോലെ തന്നെ അടിമകളായ ശൂദ്രന്മാരും ധനികവർഗ്ഗക്കാരുടെ സ്വകാര്യസ്വത്തുക്കളായിട്ടാണു കണക്കാക്കപ്പെട്ടത്.

# 6 വർണങ്ങളിൽ നിന്ന് അടിമത്തത്തിലേക്ക്

വേദങ്ങളുടെ കാലത്തുതന്നെ വർണങ്ങൾ ആവിർഭവിച്ചുകഴിഞ്ഞിരുന്നു. പ്രാകൃതകമ്യൂണിസ്റ്റ് സമുദായത്തിലെ പ്രവൃത്തി വിഭജനമെന്ന നിലയ്ക്കാണ് അവയാവിർഭവിച്ചത്. സമുദായത്തിന്റെ നാലവയവങ്ങൾ എന്ന നിലയ്ക്കാണവ കണക്കാക്കപ്പെട്ടത്.

ധാരാളം പാലുള്ള പശുക്കളാവട്ടെ എന്നു പ്രാർത്ഥിക്കുന്നതോടൊപ്പമാണ് ബുദ്ധിമാന്മാരും ആത്മീയജ്ഞാനമുള്ളവരുമായ ബ്രാഹ്മണരുണ്ടാവട്ടെയെന്നും, അമ്പും വില്ലുമുപയോഗിക്കാൻ സാമർത്ഥ്യമുള്ള ശക്തന്മാരായ പടയാളികളും രാജന്യന്മാരുമുണ്ടാവട്ടെ എന്നും ആര്യന്മാർ പ്രാർത്ഥിച്ചത്.

എന്നാൽ, ആദ്യകാലത്തെ വർണവ്യത്യാസങ്ങൾ പ്രവൃത്തിവിഭജനങ്ങൾ മാത്രമായിരുന്നു. വർഗവ്യത്യാസങ്ങളായിരുന്നില്ല. പിന്നീട് ഉത്പാദനശക്തികൾ വളരുകയും ഓരോരുത്തനും തന്റെ സ്വന്തം ആവശ്യത്തിൽ ക്കവിഞ്ഞ മിച്ചമായ ഉത്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന നിലയുളവാകുകയും സമുദായത്തിലെ ന്യൂനപക്ഷത്തിന്റെ കൈയ്യിൽ സ്വകാര്യസ്വത്തുക്കൾ കേന്ദ്രീകരിക്കാൻ തുടങ്ങുകയും ചെയ്തപ്പോഴാണ് വർണവ്യത്യാസങ്ങൾ അടിമത്തവ്യവസ്ഥയായി രൂപാന്തരപ്പെട്ടത്. അതുകൊണ്ട് പിന്നീടുണ്ടായ മനുസ്മൃതി, നാരദീയസ്മൃതി, കൗടില്യന്റെ അർത്ഥശാസ്ത്രം തുടങ്ങിയ പ്രാചീനസാഹിത്യകൃതികളാണ് മർദകനും മർദിതനും തമ്മിൽ, ഉടമയും അടിമയും തമ്മിലുള്ള അകൽച്ചയേയും വർഗ്ഗസമരങ്ങളേയും വളരെ വ്യക്തമായി പ്രതിഫലിപ്പിക്കുന്നത്.

മനുസ്മൃതി ഏഴുതരം അടിമകളെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. നാരദീയസ്മൃതിയാകട്ടെ, യജമാനന്റെ വീട്ടിൽ ജനിച്ചവൻ, വിലയ്ക്കു വാങ്ങപ്പെട്ടവൻ, പിന്തുടർച്ചയായി സമ്പാദിക്കപ്പെട്ടവൻ, കടത്തിൽ നിന്നും മോചിക്കപ്പെട്ടവൻ, യുദ്ധത്തടവുകാരൻ തുടങ്ങി 15 തരം അടിമകളെപ്പറ്റി പറയുന്നുണ്ട്.

അടിമകളെ സ്മരിക്കേണ്ട നിയമങ്ങളെന്തൊക്കെയാണെന്നും ഏതെല്ലാം ഘട്ടങ്ങളിലാണവർ മോചിക്കപ്പെടുകയെന്നും മറ്റും നാരദീയ സ്മൃതിയിൽ സവിസ്തരം വിവരിക്കപ്പെട്ടിട്ടുണ്ട്.

ഇന്ത്യയിലെ ചരിത്രപരമായ ഭൗതികപരിതഃസ്ഥിതികളിൽ നിന്നുളവായ ഈ അടിമത്തവ്യവസ്ഥയാണ് വർണാശ്രമവ്യവസ്ഥ എന്ന പേരിലറിയപ്പെടുന്നത്.

# 7 ഇന്ത്യൻ അടിമത്തത്തിന്റെ പ്രത്യേകതകൾ

ഗ്രീസ്, റോം തുടങ്ങിയ പ്രാചീനയൂറോപ്യൻ രാജ്യങ്ങളിലെ അടിമത്തവ്യവസ്ഥയും ഇന്ത്യയിലെ അടിമത്തവ്യവസ്ഥയും ഒരുപോലെയായിരുന്നില്ല. ഈ വ്യത്യാസത്തിന് പ്രധാനമായ കാരണം ഇന്ത്യയിലെ പ്രാകൃത കമ്യൂണിസ്റ്റുവ്യവസ്ഥ യൂറോപ്യൻ രാജ്യങ്ങളിലെപ്പോലെ, പരിപൂർണമായി നശിപ്പിക്കപ്പെട്ടില്ലെന്നുള്ളതാണ്. അടിമത്തസമ്പ്രദായം ആവിർഭവിച്ചതിനുശേഷവും ഇന്ത്യൻ പ്രാകൃത കമ്യൂണിസത്തിന്റെ അവശിഷ്ടങ്ങൾ നശിക്കാതെ നിലനിന്നു. അടിമത്തവ്യവസ്ഥയോടൊപ്പം തന്നെ കൃഷിക്കാരുടെ സ്വയം സമ്പൂർണ്ണങ്ങളായ ഗ്രാമസംഘടനകളും ഒരുവശത്തു നിലനിന്നുപോന്നു. അതുകൊണ്ട് ഗ്രീസിലും, റോമിലും കാണപ്പെട്ടമാതിരി വിപുലമായ തോതിൽ വലിയവലിയ കൃഷിസ്ഥലങ്ങളിൽ നൂറുകണക്കിലും ആയിരക്കണക്കിലുമുള്ള അടിമകളെക്കൊണ്ടു പണിയെടുപ്പിക്കുകയെന്ന ഉത്പാദനരീതിയല്ല ഇന്ത്യയിൽ പ്രാധാന്യം വഹിച്ചത്. ഇന്ത്യയിൽ അടിമകൾക്കു സ്വന്തമായ താമസസ്ഥലവും കുടുംബവും അത്യാവശ്യമായ ജീവിതസാമഗ്രികളും ഉണ്ടായിരുന്നു. പിതൃമേധാവിത്വപരമായ ജീവിതമാണവർ നയിച്ചത്.

പ്രാചീനേന്ത്യയിൽ അടിമകൾ പ്രധാനമായും വീട്ടുവേലകൾക്കു വേണ്ടിയാണുപയോഗിക്കപ്പെട്ടത്. ഭേദപ്പെട്ട കുടുംബങ്ങൾക്കെല്ലാം കന്നുകാലികൾ, വീട്ടു സാമഗ്രികൾ തുടങ്ങി മറ്റു സ്വത്തുക്കളുടെ കൂട്ടത്തിൽ ധാരാളം അടിമകളുമുണ്ടായിരുന്നു. അടിച്ചുവാരുക, വെള്ളം കോരുക, പാത്രം മോറുക, നെല്ലു കുത്തുക, ഭക്ഷണം പാകം ചെയ്യുക, യജമാനന്റെ കാൽ കഴുകിക്കൊടുക്കുക, ഭക്ഷണത്തിനുശേഷം യജമാനനെ വീശിയുറക്കുക മുതലായ വീട്ടുവേലകൾക്കു അടിമസ്ത്രീകളാണുപയോഗിക്കപ്പെട്ടിരുന്നത്. കൂടുതൽ കഠിനമായ വേലയ്ക്കു പുരുഷന്മാരായ അടിമകളും ഉപയോഗിക്കപ്പെട്ടു. അടിച്ചു പരുക്കേൽപ്പിച്ചും ചങ്ങലയിട്ടുവലിച്ചും അടിമകളുടെ അദ്ധ്വാനത്തെ ചൂഷണം ചെയ്യാൻ യജമാനൻമാർക്കു യാതൊരു സങ്കോചവുമുണ്ടായിരുന്നില്ല. കൃഷി, കൈത്തൊഴിൽ മുതലായവയിലും അടിമവേല ധാരാളം ഉപയോഗിക്കപ്പെട്ടു. ചുരുക്കിപ്പറഞ്ഞാൽ മറ്റു പ്രാചീന രാജ്യങ്ങളിലെന്നപോലെ ഇന്ത്യയിലും അടിമകളെ ചൂഷണം ചെയ്തുകൊണ്ടാണ് ധനികവർഗ്ഗക്കാരായ ഉടമകൾ തടിച്ചുകൊഴുത്തത്.

ധനികവർഗ്ഗക്കാരുടെ മർദ്ദനവും ചൂഷണവും ഉറപ്പിക്കാൻ വേണ്ടി ഇന്ത്യയിലെ അടിമത്തവ്യവസ്ഥയ്ക്കു മതപരമായ ഒരു ദിവ്യത്വം നൽകപ്പെട്ടു. അങ്ങനെ വർണാശ്രമങ്ങൾക്കു ധാർമികമായ പിൻബലം ലഭിച്ചു. 'ചാതുർവർണ്യം മയാസൃഷ്ടം ഗുണകർമ്മവിഭാഗശ:' എന്നാണ് ഭഗവത്ഗീതയിൽ ശ്രീകൃഷ്ണഭഗവാൻ തന്നെ പറയുന്നത്, പക്ഷേ, വർണാശ്രമങ്ങൾ യഥാർത്ഥത്തിൽ ഏതെങ്കിലും അവതാരപുരുഷന്മാരാലോ, ബുദ്ധിമാന്മാരാലോ സൃഷ്ടിക്കപ്പെട്ടതല്ല. ചരിത്രത്തിന്റെ വളർച്ചയുടെ ഒരു സവിശേഷഘട്ടത്തിൽ യഥാർത്ഥമായ സാമൂഹികജീവിതത്തിൽ നിന്നുയർന്നുവന്ന ഒരു വ്യവസ്ഥയാണിത്. യഥാർത്ഥമായ സാമ്പത്തിക — സാമൂഹിക പരിതസ്ഥിതികളെയാണത് പ്രതിഫലിപ്പിക്കുന്നത്. മറ്റൊരുവിധം പറഞ്ഞാൽ സാമൂഹ്യവ്യവസ്ഥയുടെ ഭൗതികാവശ്യമാണ് വർണാശ്രമങ്ങളെ സൃഷ്ടിച്ചത്.

അദ്ധ്വാനിക്കുന്ന ബഹുജനങ്ങളെ ചൂഷണം ചെയ്യുന്ന ബ്രാഹ്മണരുടെയും ക്ഷത്രിയരുടെയും സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കുക, തടവുകാരായി പിടിക്കപ്പെട്ട അനാര്യന്മാരുടെ മേൽ ആധിപത്യം സ്ഥാപിക്കുക — ഇതായിരുന്നു വർണാശ്രമത്തിന്റെ പ്രധാനമായ ഉദ്ദേശ്യം. ഉടമകളുടെ സ്ഥാപിത താൽപര്യങ്ങളെ കാത്തുരക്ഷിക്കാനുതകുന്ന വിധത്തിലാണ് ഓരോ വർണത്തിന്റെയും പ്രത്യേകം പ്രത്യേകമായ കടമകളും ധർമ്മങ്ങളും നിർണയിക്കപ്പെട്ടത്. ഭൂരിപക്ഷക്കാരുടെ അദ്ധ്വാനത്തെ ചൂഷണം ചെയ്യാൻ വേണ്ടി ധനികവർഗ്ഗക്കാർ കെട്ടിപ്പടുത്ത ഈ പ്രാചീനവർണവ്യവസ്ഥയിൽ സ്വകാര്യസ്വത്തു കാത്തുരക്ഷിക്കാനുള്ള ശ്രദ്ധ എത്ര അതിരുകവിഞ്ഞതായിരുന്നുവെന്ന് മനുസ്മൃതിയിലെ ശ്ലോകങ്ങൾ വ്യക്തമാക്കുന്നുണ്ട്. ധനികരുടെ സ്വത്തുക്കൾ മോഷ്ടിക്കുന്നവരുടെ കൈ മുറിച്ചുകളയണം, അവരെ കൊന്നുകളയണം എന്നും മറ്റുമാണ് മനു അനുശാസിക്കുന്നത്. (അദ്ധ്യായം 8, ശ്ലോകം 320 — 22)

# 8 രാജാ പ്രത്യക്ഷദൈവതം

സ്വത്തുടമവർഗ്ഗക്കാരുടെ പ്രതിനിധി എന്ന നിലയ്ക്കാണ് രാജാവ് ഭരണം നടത്തിയത്. രാജാവിന്റെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥന്മാരെല്ലാം സ്വത്തുടമവർഗ്ഗക്കാരിൽപ്പെട്ട കുലീനൻമാരായിരുന്നു. ഭരണകാര്യങ്ങളിൽ കൂടിയാലോചനകൾ നടത്താൻവേണ്ടി കുലീനന്മാർക്കിടയിൽ നിന്ന് ഏഴോ എട്ടോ മന്ത്രിമാരെ രാജാവു നിയമിക്കും. വിദ്വാൻമാരുമായി കൂടിയാലോചിച്ചുകൊണ്ടേ പ്രധാനമായ രാജ്യകാര്യങ്ങൾ നടത്താൻ പാടുള്ളൂ. ബ്രാഹ്മണരുടെ സ്വാധീനശക്തി അതിരുകവിഞ്ഞതായിരുന്നു.

ഭരണകൂടത്തിന്റെ അധികാരമുറപ്പിക്കാൻ വേണ്ടി മതം ധാരാളമായി ഉപയോഗിക്കപ്പെട്ടു. ചെങ്കോലിന്റെ മർദ്ദനമുറകൾക്ക് ദിവ്യതയുടെ പിൻബലം നൽകപ്പെട്ടു. മനുഷ്യരൂപത്തിലുള്ള ദൈവമാണ് രാജാവ്. അതുകൊണ്ടു കുട്ടിയാണെങ്കിൽക്കൂടി അദ്ദേഹത്തെ ആരും അവഗണിക്കരുത്. അദ്ദേഹത്തിന്റെ എല്ലാ കല്പനകളും മടികൂടാതെ അനുസരിക്കണം. അനുസരിക്കാത്തവർ കഠിനമായ ശിക്ഷയ്ക്കുപാത്രമാകും. സാധാരണ അഗ്നി മനുഷ്യനെ മാത്രമേ ദഹിപ്പിക്കൂ. രാജാവിന്റെ അഗ്നിയാവട്ടെ, പശു, സ്വത്തുക്കൾ, മുതലായവയുൾപ്പെടെ കുടുംബത്തേയും കുലത്തേയും ആകെ ദഹിപ്പിക്കുന്നു.

# 9 വർണവ്യവസ്ഥയുടെ ശിക്ഷാവിധികൾ

സമുദായത്തിലെ അസമത്വങ്ങളേയും വർണവ്യത്യാസങ്ങളേയും കാത്തുരക്ഷിക്കുക എന്നതായിരുന്നു രാജാവിന്റെ പ്രധാനമായ ജോലി. വർണഭേദമനുസരിച്ച് ജനങ്ങളുടെ അവകാശാധികാരങ്ങൾക്കും വ്യത്യാസമുണ്ടായിരുന്നു. ഒരേ കുറ്റത്തിനുതന്നെ ബ്രാഹ്മണനും ശൂദ്രനും നൽകപ്പെട്ട ശിക്ഷകൾ വ്യത്യസ്തങ്ങളായിരുന്നു. മനുസ്മൃതി എട്ടാമദ്ധ്യായത്തിൽ വാക്പാരുഷ്യം (ചീത്ത പറയൽ), ദണ്ഡപാരുഷ്യം (അടിപിടി), മോഷണം, വ്യഭിചാരം തുടങ്ങിയ കുറ്റങ്ങൾ ചെയ്യുന്നവർക്കു നൽകേണ്ട ശിക്ഷാവിധികളേപ്പറ്റി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ശൂദ്രൻ ബ്രാഹ്മണനെ അധിക്ഷേപിച്ചാൽ നാവുമുറിച്ചുകളയണം; പേരും ജാതിയും പറഞ്ഞു നിന്ദിക്കുന്ന ശൂദ്രന്റെ വായിൽ പന്ത്രണ്ടംഗുലം നീളമുള്ള ചുട്ടുപഴുത്ത ഇരുമ്പുകമ്പി കുത്തിക്കടത്തണം; ബ്രാഹ്മണനോടു ഗർവ്വിഷ്ഠനായി മറുപടി പറയുന്ന ശൂദ്രന്റെ മേൽ തിളച്ച എണ്ണയൊഴിക്കണം; ശൂദ്രൻ ബ്രാഹ്മണന്റെ ഒപ്പമിരിക്കാൻ ശ്രമിച്ചാൽ മതി, കടിപ്രദേശം ഛേദിച്ചുകളയണം; ബ്രാഹ്മണനെ കൈയ്യേറ്റം ചെയ്താൽ ഏതവയവം കൊണ്ടാണോ അതു ചെയ്തത് ആ അവയവം മുറിച്ചുകളയണം; കൊല്ലുകയുമാവാം.

എന്നാൽ ബ്രാഹ്മണൻ തെറ്റുചെയ്താലോ? ചിലചില കുറ്റങ്ങൾക്കു നിസ്സാരമായ ശിക്ഷകൾ ബ്രാഹ്മണനും വിധിക്കപ്പെട്ടിട്ടുള്ളതു നേരാണ്. പക്ഷേ, ശൂദ്രൻറേതുമായി താരതമ്യപ്പെടുത്തുമ്പോൾ ബ്രാഹ്മണന്റെ ശിക്ഷ ഏറ്റവും തുച്ഛമാണ്. എത്ര വലിയ കുറ്റം ചെയ്താലും ബ്രാഹ്മണനെ വധിക്കാൻ പാടില്ല. രാജാവ് ബ്രാഹ്മണവധത്തെപ്പറ്റി മനസ്സിൽ ആലോചിക്കുകപോലും ചെയ്യരുത്, ബ്രാഹ്മണവധം വമ്പിച്ച അനർത്ഥങ്ങളുണ്ടാക്കിത്തീർക്കും.

വർണവ്യവസ്ഥ നിലനിർത്തുകയാണ് ഈ വ്യത്യസ്തങ്ങളായ ശിക്ഷാവിധിയുടെ ഉദ്ദേശ്യമെന്ന് മനു തുറന്നു പറഞ്ഞിട്ടുണ്ട്. താഴ്ന്നവർണം ഉയർന്ന വർണത്തിന്റെ സ്ഥാനം ഒരിക്കലും കയ്യേറാൻ പാടില്ല. അടിമത്തത്തിലടിയുറച്ച ചൂഷണ വ്യവസ്ഥയെയും ഉടമവർഗക്കാരുടെ സ്ഥാപിത താല്പര്യങ്ങളെയും കാത്തുരക്ഷിക്കണം. അവയ്ക്കെതിരെ തലയുയർത്തുന്ന ദരിദ്രപരിഷകളെ ഇടിച്ചമർത്തണം. ഈ ഉദ്ദേശ്യത്തിനുവേണ്ടിയാണ് പ്രാചീനേന്ത്യയിൽ ഭരണകൂടം ഉയർന്നുവന്നത്.

പണിയെടുക്കുന്ന ബഹുഭൂരിപക്ഷക്കാരെ സംബന്ധിച്ചിടത്തോളം വർണാശ്രമവ്യവസ്ഥയും അതിന്റെ ഭരണകൂടവും ദുസ്സഹമായ ഒരു ഭാരമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. എങ്കിലും അടിമവ്യവസ്ഥ ചരിത്രത്തിന്റെ വളർച്ചയ്ക്ക് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരുപാധിയായിരുന്നു. അടിമത്തവ്യവസ്ഥയാണ് പ്രാചീനേന്ത്യയിലെ സാഹിത്യാദികലകൾക്കും വൈദ്യശാസ്ത്രം, തത്വശാസ്ത്രം, ജ്യോതിശാസ്ത്രം മുതലായവയ്ക്കും പ്രചോദനം നൽകിയത്. □

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10